# വിസിബ്
# ഒരു മരുപ്പച്ച

തയ്യാറാക്കിയത്:

ഡോ.സി.തോമസ് എബ്രഹാം



# Social Empowerment and the Empowerment of Women*

*A key-note by*
Matthias Scharer
Innsbruck University, Austria

The most recent RCI India National Conference in which I participated, was the 10th Annual Conference in 2010 which began in Panackachira and ended at Marian College Kuttikkanam. It was a tremendous honour for me to give the key-note-address at this very special conference. The theme I chose was "Panackachira, a symbol of the socially conscious revitalization of TCI India and International".

Some of my German speaking colleagues at the Ruth Cohn Institute criticized the published speech (Indian Journal 7). I assumed that the main point was that TCI in the European German context tends to develop into an in-group process as the logo, "the art of leading", expreses it. European TCI tends to lose the socio-political dimension that was at work in its beginnings.

With the topic of this year's Conference, "Social Empowerment through the empowerment of women," the ideas of the Panackachira Conference in 2010 and the short workshop, conducted by Karin,

* Presented in the 14th Annual Conference of RCI - India at VICIB (7-9 Feb. 2014)

Teresa and me in front of Sheela's house in Panackachira springs to mind. The majority of the participants were women, although men joined in later on in the evening when they had finished their work. I rarely have seen such power generated by women that spread out from this group.

I remember one woman who told us the story of her own emancipation. It was not a cool emancipation, distanced from everyone, such as what sometimes occurs in Europe or in the United States. The first axiom of TCI is that, "Human beings are autonomous and interdependent". This was very clear and convincing with, "I am my own chairperson", as a woman in my partnership, in my family, in my village, in my Nation. To see such empowered women in the Indian context provides me with great hope for the future of our world. It encourages me in my TCI work, not primarily to empower women, but more to learn from them and understand how they empowered themselves.

> "Human beings are autonomous and interdependent". This was very clear and convincing with, "I am my own chairperson", as a woman in my partnership, in my family, in my village, in my Nation."

One of empowered women had been Heidi, who sadly passed away too soon. It is deeply touching that this Conference is held in memory of her and when meeting her for the last time, she told me that her only task in India was to go with Indian women and to do it in the way of Ruth Cohn. I would like to place on record my sincere thanks and appreciation for the respect shown to Heidi and the acknowledgement of her work in India through this Conference.

As you know, I am a Christian – Catholic theologian. For the Catholic Church and for me personally, your theme is a special challenge. As Christians, we refer to Jesus of Nazareth who had an extraordinary relationship with women. It goes back to the first testimonies of his resurrection, and concerns not just men but also women. In early Christianity women had a big role in the Church and it could be possible that some of them were leaders of Christian communities.

Where are we today with the empowerment of women, especially in the Catholic Church? There are a lot of very engaged women in the church, but the already existing hierarchy of the leadership of the Church is masculine. In my workshop I want to relate to and discuss the empowerment of women within our own religion and also how the empowerment of women works within different religions.

As a final note, I would like to offer my congratulations on theme of empowerment chosen for this Conference! I wish you all the best and I am very happy to be here with you. ■

# സ്ത്രീസാക്തീകരണത്തിലൂടെ സാമൂഹ്യശാക്തീകരണം*

**പ്രൊഫ. ഡോ. മത്തിയാസ് ഷേററർ**
ഇൻസ്ബ്രൂക്ക് യൂണിവേഴ്സിറ്റി, ഓസ്ട്രിയ

1. ഇന്ത്യയിൽ ഞാൻ ഏറ്റവും ഒടുവിൽ പങ്കെടുത്ത റ്റിസിഐ ദേശീയ സമ്മേളനം 2010ൽ പനയ്ക്കച്ചിറയിലും കുട്ടിക്കാനത്തുമായി നടന്ന 10-ാമതു സമ്മേളനമായിരുന്നു. അന്ന് മുഖ്യപ്രഭാഷണം ചെയ്യുവാൻ കിട്ടിയ അവസരത്തെ ഞാൻ വലിയൊരു ബഹുമതിയായി കണ്ടു. ഇന്നും ഞാനിതിനെ അങ്ങനെതന്നെ കാണുന്നു. പനയ്ക്കച്ചിറയിൽ ഞാൻ ചെയ്ത പ്രഭാഷണത്തിന്റെ തലക്കെട്ട് ഇപ്രകാരമായിരുന്നു. "പനയ്ക്കച്ചിറ: റ്റിസിഐയുടെ സാമൂഹ്യപ്രതിബദ്ധതയ്ക്ക് ദേശീയ-അന്തർദേശീയതലത്തിൽ ഒരു പ്രതീകം".

2. അന്നത്തെ മുഖ്യപ്രഭാഷണം പിന്നീട് ഇന്ത്യൻ ജേർണൽ ഓഫ് റ്റിസിഐയുടെ 7-ാം ലക്കത്തിൽ അച്ചടിച്ചുവന്നപ്പോൾ അത് യൂറോപ്പിൽ ചർച്ചാവിഷയമായി. യൂറോപ്പിൽ റ്റിസിഐ എന്നത് ട്രെയിനിംഗ് ഹാളുകളിൽ ഒതുങ്ങുന്ന ഒരു നേതൃപ്രക്രിയ (Art of leading) ആയി ലോപിച്ചിരിക്കുന്നുവെന്ന് ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു.

* 2014 ഫെബ്രുവരി 7ന് വിസിബിൽ ആർ.സി.ഐ. ഇൻഡ്യയുടെ 14-ാമത് ദേശീയസമ്മേളനത്തിൽ നടത്തിയ മുഖ്യപ്രഭാഷണം

റ്റിസിഐയുടെ തുടക്കത്തിൽ, റൂത്ത് കോൺ സജീവമായി പ്രവർത്തിച്ചിരുന്ന കാലത്ത്, അതിനുണ്ടായിരുന്ന സാമൂഹ്യ-രാഷ്ട്രീയ മാനങ്ങൾ പില്ക്കാലത്ത് ഇല്ലാതെ പോയത് ഞാനുൾപ്പെടെയുള്ള നേതൃത്വത്തിന്റെ പിഴവാണെന്നു ഞാൻ സൂചിപ്പിച്ചു. ഇത് എല്ലാവർക്കും അത്ര സ്വീകാര്യമായില്ല.

3. 2014ലെ തീം- സ്ത്രീശാക്തീകരണത്തിലൂടെ സാമൂഹ്യശാക്തീകരണം - പനയ്ക്കച്ചിറയിലെ തീമിന്റെ തുടർച്ചയാണ്. വിസിബ് ഒരു സ്ത്രീശാക്തീകരണകേന്ദ്രമാകയാൽ സ്ത്രീശാക്തീകരണത്തിന് പ്രത്യേക ഊന്നൽ കൊടുത്തിരിക്കുന്നുവെന്ന വിത്യാസമുണ്ടെന്നു മാത്രം. പനയ്ക്കച്ചിറയിൽ പത്തു വീട്ടുമുറ്റങ്ങളിലായി അരങ്ങേറിയ പത്ത് റ്റിസിഐ സെഷനുകളിൽ ഒന്നു നയിച്ചത് ഞാനും കാരിൻ ഫ്രിറ്റ്ഷേയും തേരേസാ പീറ്ററും കൂടിയായിരുന്നു. അതു നടന്നത് ഷീലാവാസന്റെ വീട്ടുമുറ്റത്തായിരുന്നു. പങ്കെടുത്ത 20 പേരിൽ മിക്കവരും സ്ത്രീകളായിരുന്നു. അവസാനഭാഗത്ത് ഏതാനും പുരുഷന്മാരും എത്തിച്ചേർന്നു. ആ സെഷനിൽ ഞാൻ കണ്ട ഊർജ്ജം വളരെ ചുരുക്കമായേ എവിടെയും ഞാൻ അനുഭവിച്ചറിഞ്ഞിട്ടുള്ളൂ.

> “യൂറോപ്പിലും പാശ്ചാത്യരാജ്യങ്ങളിലും കുടുംബങ്ങളിലെ സ്ത്രീകൾ സ്വയം അടർത്തിമാറ്റി നേടിയെടുക്കുന്ന വിമോചനമല്ല, കുടുംബത്തിനുള്ളിൽ നിന്നുകൊണ്ട് പ്രതികൂലസാഹചര്യങ്ങളെ മെരുക്കിയെടുത്ത് കുടുംബത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്ന മനക്കരുത്തിന്റെ തേജസ്സാണ് ഞാൻ കണ്ടത്.”

4. പനയ്ക്കച്ചിറയിലെ അന്നത്തെ സെഷനിൽ ഒരു സ്ത്രീ അവരുടെ വിമോചനത്തിന്റെ അനുഭവം വിവരിച്ചത് ഞാൻ ഓർക്കുന്നു. യൂറോപ്പിലും പാശ്ചാത്യരാജ്യങ്ങളിലും കുടുംബങ്ങളിലെ ചില പ്രത്യേക സാഹചര്യങ്ങളിൽ സ്ത്രീ കൾ സ്വയം അടർത്തിമാറ്റി നേടിയെടുക്കുന്ന വിമോചനമല്ല ഞാനിവിടെ കണ്ടത്. കുടുംബത്തിനുള്ളിൽ നിന്നുകൊണ്ട് പ്രതികൂലസാഹചര്യങ്ങളെ മെരുക്കിയെടുത്ത് കുടുംബത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്ന മനക്കരുത്തിന്റെ തേജസ്സാണ് ഞാൻ കണ്ടത്. ഞാനാണ് എന്റെ കപ്പലിന്റെ കപ്പിത്താനെന്ന് ഒരു സ്ത്രീ അവളുടെ ദാമ്പത്യത്തിന്റെയും കുടുംബത്തിന്റെയും ഗ്രാമത്തിന്റെയും രാജ്യത്തിന്റെയും ചുറ്റുപാടുകളിൽ നിന്നുകൊണ്ട് പ്രഘോഷിക്കുന്നിടത്ത് റ്റിസിഐ വിജയിക്കുന്നു.

ഇതുപോലെ സ്വയം ശാക്തീകരണം നേടിയ സ്ത്രീകളെ ഇന്ത്യയിൽ കാണുമ്പോൾ എനിക്കു ലോകത്തെപ്പറ്റിത്തന്നെയുള്ള പ്രതീക്ഷയുടെ തിളക്കം വർദ്ധിക്കുന്നു. റ്റിസിഐയിൽ തുടർന്നു പ്രവർ ത്തിക്കുവാൻ ഇതെനിക്ക് ആവേശം പകരുന്നു. സ്ത്രീശാക്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ പ്രചോദനം തരികയും ചെയ്യുന്നു. സ്ത്രീകൾ എങ്ങനെ അവരെത്തന്നെ ശാക്തീകരിക്കുന്നുവെന്നും അവർ മറ്റുള്ളവരെ എങ്ങനെ ശാക്തീകരിക്കുന്നുവെന്നും പഠിക്കുവാനുള്ള അവസരമാണ് എനിക്ക് ഇതിലൂടെ ലഭിക്കുന്നത്.

5. ശാക്തീകരിക്കപ്പെട്ട സ്ത്രീകളിൽ പലതുകൊണ്ടും പ്രമുഖയായിരുന്നു ഹെയ്ഡി വാൾ ബ്രോട്ട്. നമ്മോടൊപ്പം ഇന്ത്യയിൽ (പനയ്ക്കച്ചിറയിൽ ഉൾപ്പെടെ) പല റ്റിസിഐ ശില്പശാലകൾക്കും നേതൃത്വം കൊടുക്കുകയും ഇതുപോലെ ഒരു മുഖ്യപ്രഭാഷണം (11-ാമത് കോൺഫറൻസിൽ) ചെയ്യുകയും ചെയ്ത ഹെയ്ഡി ഇന്നു നമ്മോടൊപ്പമില്ല. റൂത്ത് കോണിന്റെ ചുവട് പിടിച്ച് ഇന്ത്യയിൽ സ്ത്രീശാക്തീകരണത്തിനായി പ്രവർത്തിക്കുവാൻ ആഗ്രഹിച്ച ധീരവനിതയാണവർ. ഈ സമ്മേളനവേദിയ്ക്ക് "ഹെയ്ഡി നഗർ" എന്നു പേരുകൊടുത്ത് അവരെ ഓർമ്മിക്കുവാനും ബഹുമാനിക്കുവാനും തീരുമാനിച്ചത് ഏറെ ഉചിതമായി. അതിന്റെ പേരിൽ ആർ.സി.ഐ. ഇന്ത്യയെ അഭിനന്ദിക്കുവാനും സംഘാടകർക്കു നന്ദി പറയാനും ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

> “ സ്വയം ശാക്തീകരണം നേടിയ സ്ത്രീകളെ ഇന്ത്യയിൽ കാണുമ്പോൾ ലോകത്തെപ്പറ്റിത്തന്നെയുള്ള പ്രതീക്ഷയുടെ തിളക്കം വർദ്ധിക്കുന്നു. റ്റിസിഐയിൽ തുടർന്നു പ്രവർത്തിക്കുവാൻ ആവേശം പകരുന്നു. സ്ത്രീശാക്തീകരണത്തിനുവേണ്ടി പ്രവർത്തിക്കുവാൻ പ്രചോദനം തരികയും ചെയ്യുന്നു. ”

6. നിങ്ങളിൽ ചിലർക്കറിയാവുന്നതുപോലെ ഞാൻ ഒരു കാത്തിലിക്ക് യൂണിവേഴ്സിറ്റിയിൽ ദൈവശാസ്ത്രം പഠിപ്പിക്കുന്ന പ്രൊഫസറാണ്. കത്തോലിക്കാസഭയിലും എന്റെ വ്യക്തിജീവിതത്തിലും സ്ത്രീശാക്തീകരണത്തെ ഞാൻ ഒരു വെല്ലുവിളിയായി കാണുന്നു. യേശുവിന്റെ ജീവിതത്തിൽ അദ്ദേഹം സ്ത്രീകളുമായി വളരെ നല്ല ബന്ധങ്ങൾ പുലർത്തിയിരുന്നതായി നാം കാണുന്നു.

ക്രൈസ്തവ സഭയുടെ പ്രാരംഭഘട്ടത്തിൽ സ്ത്രീകൾക്ക് അതിൽ പ്രമുഖമായ സ്ഥാനമുണ്ടായിരുന്നു. അവരിൽ ചിലർ അന്നത്തെ ക്രൈസ്തവ സമൂഹത്തിൽ നേതൃസ്ഥാനത്ത് ഉണ്ടായിരുന്നിരിക്കാമെന്നും ഞാൻ കരുതുന്നു. ഇന്ത്യയിലെ സാഹചര്യവും വ്യത്യസ്ഥമായിരിക്കാൻ സാധ്യതയില്ല.

7. എന്നാൽ സ്ത്രീകളുടെ ശാക്തീകരണത്തിന്റെ മേഖലയിൽ നാം ഇപ്പോൾ എവിടെയാണ്, പ്രത്യേകിച്ച് മതപരമായ സംവിധാനങ്ങളിൽ? ഈ കോൺഫറൻസിൽ ഞാൻ നയിക്കുന്ന വർക്ക്ഷോപ്പിൽ വിവിധ മതനേതൃത്വങ്ങളിലെ സ്ത്രീസാന്നിദ്ധ്യത്തെ ചർച്ചാവിഷയമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. താല്പര്യമുള്ളവർക്കു പങ്കെടുക്കാം.

8. ഉപസംഹാരമായി ഒരിക്കൽക്കൂടി ഞാൻ നിങ്ങളെ അഭിനന്ദിക്കുവാൻ ആഗ്രഹിക്കുന്നു. റ്റിസിഐയെ ശാക്തീകരണവുമായി ബന്ധിപ്പിക്കുന്ന തീം ഈ കോൺഫറൻസിൽ പഠനവിധേയമാക്കുന്നതിന്റെ പേരിൽ അഭിനന്ദനങ്ങൾ നേരുന്നു. നിങ്ങളോടോപ്പമായിരിക്കുന്നതിൽ ഞാൻ ഏറെ സന്തോഷിക്കുന്നു. നിങ്ങൾക്ക് എല്ലാ നന്മയും ഞാൻ നേരുന്നു.

***2014 ഫെബ്രുവരി 7 മുതൽ 9 വരെ പാലാ കൊടുമ്പിടിയിൽ വിസിബിൽ നടന്ന റൂത്ത് കോൺ ഇൻസ്റ്റിറ്റ്യൂട്ട് (ഇന്ത്യ)ന്റെ 14-ാമതു ദേശീയ സമ്മേളനത്തിൽ ചെയ്ത മുഖ്യപ്രഭാഷണം.***